പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1350 06-03-2020-ലെ മറുപടിയ്ക്ക്

## വിളനാശം പരിഹരിക്കുന്നതിന് സമഗ്ര ഇൻഷ്വറൻസ് പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് ക്രോപ്പ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭം പദ്ധതി 2019-20 ജൂൺ 1-ാം തീയതി മുതൽ സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ ഓൺലൈൻ സംവിധാനമായ സ്മാർട്ട് വഴി കൃഷി ഭവൻ തലത്തിൽ രേഖപ്പെടുത്തി കൃഷി ആഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ(സി), പ്രിൻസിപ്പൽ കൃഷി ആഫീസർ എന്നിവർ മുഖാന്തിരം കൃഷി ഡയറക്ടർ വരെ എത്തുന്നു. വിള നാശത്തിനുള്ള സംസ്ഥാന വിഹിതവും എസ് ഡി ആർ എഫ് തുകയും സ്മാർട്ട് സംവിധാനം വഴി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്. |
| (ബി) | കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുണ്ടാകുന്ന വിളനാശത്തിനുള്ള ഇൻഷ്വറൻസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടാകുന്ന വിളനാശത്തിനു കേന്ദ്ര സർക്കാർ പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ട പരിഹാരം നൽകി വരുന്നുണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, ജാതി, കമുക്, കരിമ്പ്, പടവലം, പാവൽ, വള്ളിപ്പയർ എന്നീ വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, പൈനാപ്പിൾ, മാവ്, കരിമ്പ്, ശീതകാല പച്ചക്കറികൾ (ഇടുക്കി), പാവൽ, പടവലം, വള്ളിപ്പയർ, എന്നീ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | വിളനാശം പരിഹരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷി നാശം ഉണ്ടാകാതിരിക്കാനും സമഗ്രമായ ഒരു ഇൻഷ്വറൻസ് പാക്കേജ് സർക്കാർ മുൻകൈ എടുത്ത് സംസ്ഥാനത്ത് നടപ്പിൽ വരുത്തുമോ; വിശദമാക്കുമോ? | (സി) | നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**